ഫാറം-VII

(ചട്ടം 23(1) കാണുക)

## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

**2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ആം വകുപ്പ് (10)-ആം ഉപവകുപ്പ് പ്രകാരം സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിൻറെ വ്യതിയാനം പ്രസിദ്ധീകരിച്ചതു സംബന്ധിച്ച നോട്ടീസ്**

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിൻറെ ഭാഗത്തിനായുള്ള മാസ്റ്റർ പ്ലാനിൻറെ (സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി) വ്യതിയാനം, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 50-ആം വകുപ്പ് (3)-ആം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ തസ്വഭവ-ആർ.ഡി 2/91/2021-തസ്വഭവ. തീയതി 28/03/2023 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും ടി മാസ്റ്റർ പ്ലാനിൻറെ വ്യതിയാനത്തിന് അനുമതി നൽകിയിട്ടുള്ള വസ്തുത 18/04/2023 തീയതിയിലെ കേരള ഗസറ്റ് നമ്പർ 1379 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : എടത്തല, ചൂർണ്ണിക്കര, കടുങ്ങല്ലൂർ, ആലങ്ങാട്, കോട്ടുവള്ളി, ഏഴിക്കര, നായരമ്പലം ഗ്രാമപ ഞ്ചായത്തുകൾ .

കിഴക്ക് : കിഴക്കമ്പലം, കുന്നത്തുനാട്, തിരുവാണിയൂർ, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുകൾ

തെക്ക് : ചെല്ലാനം, കുമ്പളം, കുമ്പളങ്ങി, ഉദയംപേരൂർ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ് അറബിക്കടൽ

മാസ്റ്റർ പ്ലാൻ സ്ട്രക്ച്ചർ പ്ലാൻ ഫോർ സെൻട്രൽ സിറ്റി കൊച്ചി പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ – ടി പ്രദേശത്ത് അംഗീകരിച്ച 24 വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലുണ്ട്.

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ – ടി പ്രദേശത്ത് പ്രസിദ്ധീകരിച്ച 4 വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലുണ്ട്.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ കാരണസഹിതം വിശദീകരിക്കുക – വിശദ നഗരാസൂത്രണ പദ്ധതികൾ റദ്ദാക്കിയിട്ടില്ല.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ – കേരള നഗര ഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 62(3) പ്രകാരം അംഗീകൃത മാസ്റ്റർ പ്ലാനിന്റെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികളിലെ വ്യവസ്ഥകൾക്കു മേൽ നിലനിൽക്കുന്നതാണ്. ആയതിനാൽ മേൽ പറഞ്ഞ 4 പ്രസിദ്ധീകരിച്ച് വിശദ നഗരാസൂത്രണ പദ്ധതികളുടെ വ്യവസ്ഥകളിന്മേൽ കൊച്ചി സ്ട്രക്ച്ചറൽ പ്ലാൻ (മാസ്റ്റർ പ്ലാൻ) വ്യവസ്ഥകൾ ബാധകമായിരിക്കും.

സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ/മാസ്റ്റർ പ്ലാനിന്റെ പ്രസക്ത ഭാഗങ്ങൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kochicorporation.lsgkerala.gov.in–ൽ പ്രസിദ്ധീ കരിച്ചിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ വ്യതിയാനത്തിന്റെ പകർപ്പ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കാര്യാലയത്തിലും പ്രവൃത്തി സമയങ്ങളിൽ പരിശോധനയ്ക്ക്/വിൽപനയ്ക്ക് ലഭ്യമാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
മേയർ

സ്ഥലം: കൊച്ചി
തീയതി: 01 /08/2023